## 2000-ലെ 5-ാം ആക്റ്റ്

# 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് *

[1][കേരള സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും, ആധുനിക വൽക്കരിക്കുന്നതിനും, ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും, അവയുടെ പുതുക്കൽ ഉൾപ്പെടെ, വേഗത്തിൽ നൽകുന്നതിനും] വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത്, [2][വ്യവസായങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെ യും] സുഗമമായ സ്ഥാപനവും അവയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വികസനവും പ്രോൽസാഹിപ്പിക്കേണ്ടതിനും സഹായിക്കുന്നതിനുമായി പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

[3][കേരള സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും, വ്യവസായ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്ന തിനും വേണ്ടിയുള്ള ക്ലിയറൻസുകൾ നൽകുന്നതിനും, ലൈസൻസുകൾ പുതുക്കുന്നതിനും അതിലേക്കായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായ പ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;]

---

* 2000 ജനുവരി 18–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2000 ജനുവരി 18–ാം തീയതിയിലെ 99–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡം, അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു വ്യവസായ നഗരം സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

ഒരു വ്യവസായ നഗരത്തിന്റെ ഭരണ നിർവ്വഹണത്തിനും, വ്യവസായ വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി വ്യവസായ പ്രദേശ വികസന അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നത് ആവശ്യമായിരിക്കുന്നതിനാലും;

ഇപ്പറഞ്ഞ എല്ലാ കാര്യങ്ങൾക്കും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന [1]തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അധികാരസ്ഥാനം" എന്നാൽ സംസ്ഥാനത്ത് ഒരു [2][[3][വ്യവസായസ്ഥാപനം]] സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ [4][അനുമതിയോ അതിന്റെ പുതുക്കലോ] നൽകേണ്ടതായ ഏതെങ്കിലും സർക്കാർ വകുപ്പോ, സർക്കാർ ഏജൻസികളോ, ഗ്രാമ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ [5][നിയമപരമായ നികായമോ സേവനദാതാക്കളോ] എന്നർത്ഥമാകുന്നു;

---

1 2000 മെയ് 30-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 457/2000 ( 2000 മെയ് 30-ാം തീയതിയിലെ 996 ാം നമ്പർ കേരള അസാധാരണ ഗസറ്റ്) പ്രകാരം 2000 ജൂൺ 1ാം തീയതി പ്രാബല്യത്തിൽ വന്നു.

2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

3. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

4. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

5. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(ബി) "[1][ബൈലോകൾ]" എന്നാൽ ഈ ആക്റ്റ് പ്രകാരം സംസ്ഥാന ബോർഡ് ഉണ്ടാക്കിയ [2][ബൈലോകൾ] എന്നർത്ഥമാകുന്നു ;

[3][(ബിഎ) "ക്ലിയറൻസുകൾ" എന്നാൽ കേരള സംസ്ഥാനത്ത്, വിവിധ കേന്ദ്ര നിയമങ്ങളോ സംസ്ഥാന നിയമങ്ങളോ അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം ആവശ്യമായിട്ടുള്ളതും യൂട്ടിലിറ്റി സേവനങ്ങൾ നൽകുന്നതിനും കാലാകാലങ്ങളിൽ അത് പുതുക്കുന്നതിനും കേരള സംസ്ഥാനത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും നടത്തുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ആവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ അല്ലെങ്കിൽ അനുമതി എന്നിവ ഉൾപ്പെടെയുള്ള വിവിധക്ലിയറൻസുകൾ എന്നർത്ഥമാകുന്നു;]

(സി) "ജില്ലാ ബോർഡ്" എന്നാൽ ഈ ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു ;

[4][(സിഎ) "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്നാൽ ആക്റ്റിന്റെ 13 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ പരാതിപരിഹാര കമ്മിറ്റി എന്നർത്ഥമാകുന്നു;

(സിബി) "നിയുക്ത ഉദ്യോഗസ്ഥൻ" എന്നാൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ വേണ്ടി വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതികളോ ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏതൊരാൾക്കും സേവനം നൽകുന്നതിനായി, 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ വ്യക്തമാക്കിയ പ്രകാരമുള്ള അധികാരസ്ഥാനം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു];

(ഡി) "വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥൻ" എന്നാൽ ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ പ്രസ്തുത വ്യവസായ പ്രദേശത്തിന്റെ വികസനവും സംരക്ഷണവും സംബന്ധിച്ച ആവശ്യങ്ങൾക്കായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2022-ലെ 19-ാം ആക്റ്റ് പ്രകാരം ചേർത്തത് (2021 സെപ്റ്റംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നു.)

[1][(ഡിഎ) "വ്യവസായ സ്ഥാപനം" എന്നാൽ ഉൽപ്പാദനം, അല്ലെങ്കിൽ സംസ്കരണം അല്ലെങ്കിൽ സേവനം പ്രദാനം ചെയ്യൽ അല്ലെങ്കിൽ കച്ചവടം അല്ലെങ്കിൽ അടിസ്ഥാന സൗകര്യ മേഖലയിലുള്ള നിക്ഷേപം ഉൾപ്പെടെയുള്ള ഏതെങ്കിലും വാണിജ്യപ്രവർത്തനങ്ങൾ, എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ ഫാക്ടറിയോ വർക്ക്ഷോപ്പോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനമോ വ്യവസായമോ പണിസ്ഥലമോ എന്നർത്ഥമാകുന്നു;]

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എഫ്) "വ്യവസായ പ്രദേശം" എന്നാൽ, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ്‌വിജ്ഞാപനംമൂലം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന സംസ്ഥാനത്തെ ഏതൊരു പ്രദേശവും എന്നർത്ഥമാകുന്നതും, അതിൽ വ്യവസായ എസ്റ്റേറ്റുകൾ, വികസന പ്രദേശങ്ങൾ, വികസന പ്ലോട്ടുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ പാർക്കുകൾ, വളർച്ചാ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു ;

(ജി) "വ്യവസായ പ്രദേശ ബോർഡ്" എന്നാൽ ഈ ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു ;

(എച്ച്) "വ്യവസായ നഗര പ്രദേശം" എന്നാൽ ഈ ആക്റ്റിന്റെ 14-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു വ്യവസായ പ്രദേശം എന്നർത്ഥമാകുന്നു ;

(ഐ) "വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം" എന്നാൽ 15-ാം വകുപ്പും പദ്ധതിയും പ്രകാരം ഒരു വ്യവസായ നഗര പ്രദേശത്തിനായി രൂപീകരിച്ച ഒരു വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

[2][(ജെ) xxxx]

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

[3][(എൽഎ) "സേവനം" എന്നാൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യ വത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോവേണ്ടി വിവിധ കേന്ദ്ര-

---

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞത് ((2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2022-ലെ 19-ാം ആക്റ്റ് പ്രകാരം ചേർത്തത് (2021 സെപ്റ്റംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നു.)

സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതികളോ ലഭിക്കുന്നതിനോ അവയുടെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി ഏതൊരാളും സമർപ്പിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നിയുക്ത ഉദ്യോഗസ്ഥൻ ഈ ആക്ടോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കാലയളവിനുള്ളിൽ നിർവ്വഹിക്കേണ്ട പ്രവൃത്തിയോ സ്വീകരിക്കേണ്ട നടപടികളോ എന്നർത്ഥമാകുന്നു];

[1][(എം) xxxx]

(എൻ) "സംസ്ഥാന ബോർഡ്" എന്നാൽ ഈ ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച "കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ്" എന്നർത്ഥമാകുന്നു;

(ഒ) "സംസ്ഥാന നിയമം" എന്നാൽ തിരുവിതാംകൂറിന്റെയോ, കൊച്ചിയുടെയോ ഒരു വിളംബരമോ, ആക്ടോ, തിരുകൊച്ചിയുടെ ഒരു ആക്ടോ, ഓർഡിനൻസോ, കേരള സംസ്ഥാന നിയമ നിർമ്മാണസഭ പാസ്സാക്കിയ ഒരു ആക്ടോ അല്ലെങ്കിൽ ഗവർണ്ണർ പുറപ്പെടുവിച്ചതും സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്നതുമായ ഒരു ഓർഡിനൻസോ എന്നർത്ഥമാകുന്നതും അതിൽ അത്തരം ഏതെങ്കിലും ആക്റ്റുമൂലമോ ഓർഡിനൻസ് മൂലമോ നൽകപ്പെട്ട ഒരു അധികാരം വിനിയോഗിച്ച് സർക്കാരോ സർക്കാരിന്റെ കീഴിലുള്ള ഒരു അധികാരസ്ഥാനമോ ഉണ്ടാക്കിയ ഒരു ചട്ടമോ, ഉത്തരവോ, [2][ബൈലോയോ] അല്ലെങ്കിൽ റഗുലേഷനോ ഉൾപ്പെടുന്നതുമാകുന്നു.

[3][(പി) "സംസ്ഥാന പരാതിപരിഹാര കമ്മിറ്റി" എന്നാൽ ആക്റ്റിന്റെ 13 സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന പരാതിപരിഹാര കമ്മിറ്റി എന്നർത്ഥമാകുന്നു.]

## അദ്ധ്യായം II

## സംസ്ഥാന ബോർഡും ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും

**3. സംസ്ഥാന ബോർഡ്.—(1)** സംസ്ഥാനത്ത് [4][വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും] വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനം

---

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം വിട്ടുകളഞ്ഞത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2022-ലെ 19-ാം ആക്റ്റ് പ്രകാരം ചേർത്തത് (2021 സെപ്തംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

മൂലം സംസ്ഥാനത്ത് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

[1][(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത്:—

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശ സ്വയംഭരണം. റവന്യൂ, നികുതി, ജലവിഭവം, ഊർജ്ജം, വനം, പരിസ്ഥിതി, വിനോദസഞ്ചാരം, ആരോഗ്യം, നിക്ഷേപം പ്രോത്സാഹിപ്പിക്കൽ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ;

(ഡി) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ, കേരള സർക്കാർ;

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും;

(എഫ്) ചീഫ് ടൗൺ പ്ലാനർ;

(ജി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(എച്ച്) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(ജെ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ;

(കെ) അഗ്നിശമന രക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറൽ.]

(4) ഗവൺമെൻറ് ചീഫ് സെക്രട്ടറി സംസ്ഥാന ബോർഡിന്റെ ചെയർമാനും [2][വ്യവസായ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി വൈസ് ചെയർമാനും], കേരള

---

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2019-ലെ 23-ാം ആക്റ്റ് പ്രകാരം ചേർത്തത് (2019 ഡിസംബർ 7-ാം തീയതി തീയതി പ്രാബല്യത്തിൽ വന്നു.)

സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സംസ്ഥാന ബോർഡിന്റെ കൺവീനറുമായിരിക്കുന്നതാണ്.

(5) ചെയർമാൻ നിശ്ചയിക്കുന്ന [1][മുപ്പത് ദിവസത്തിൽ കവിയാത്ത ഇടവേളകളിലും] സ്ഥലങ്ങളിലും സംസ്ഥാന ബോർഡ് യോഗം ചേരേണ്ടതും, അതിന്റെ കാര്യനിർവ്വഹണത്തിനായി [2][ബൈലോകളിൽ] പറഞ്ഞിട്ടുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

(6) സംസ്ഥാന ബോർഡിന്, ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ തേടുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശങ്ങൾക്കുമായി ഏതൊരു വ്യക്തിയുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആൾക്ക് ആ ആവശ്യം സംബന്ധിച്ച് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, അദ്ദേഹത്തെ സംസ്ഥാന ബോർഡിന്റെ ഒരംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാണ്.

[3][(7) സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും, അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു സെക്രട്ടേറിയറ്റ് ഉണ്ടായിരിക്കുന്നതാണ്.]

4. ജില്ലാ ബോർഡുകൾ.—(1) സംസ്ഥാനത്തെ ഓരോ ജില്ലയിലും [4][പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും] വിവിധ സംസ്ഥാന നിയമങ്ങൾപ്രകാരം ആവശ്യമായ വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നല്കുന്നതിനായി സർക്കാരിന്, വിജ്ഞാപനം മൂലം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി ഒരു ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡും, ഏത് ജില്ലയ്ക്കു വേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത്, ആ ജില്ലയുടെ പേരിലുള്ള ശാശ്വതമായ

---

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2019-ലെ 23-ാം ആക്റ്റ് പ്രകാരം ചേർത്തത് (2019 ഡിസംബർ 7-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും ഉള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

[1][(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട ജില്ലാ കളക്ടർ;

(ബി) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറർ മാനേജർ;

(സി) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ആവശ്യമായിവരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ / മുനിസിപ്പൽ കോർപ്പറേഷന്റെ മേയർ;

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥൻ;

(ഇ) ജലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസറോ അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യ ടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ, ജില്ലയിൽ അധികാരിതയുള്ള വൈദ്യുതി സർക്കിളിലെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗരവികസന അതോറിറ്റിയുടെ സെക്രട്ടറി അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി;

---

1. 2018-ലെ 14-ാം ആക്ട് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(എൻ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, കേരള ജല അതോറിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ;

(പി) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത വിനോദസഞ്ചാര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ക്യൂ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത പൊതുമരാമത്ത് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ആർ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ഓഫീസർ.]

(4) ജില്ലയിലെ കളക്ടർ ജില്ലാ ബോർഡിന്റെ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ അതിന്റെ കൺവീനറും ആയിരിക്കേണ്ടതാണ്.

(5) ജില്ലാ ബോർഡ്, അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന [1][ഇരുപതു ദിവസത്തിൽ കൂടാതെയുള്ള ഇടവേളകളിലും] സ്ഥലത്തും വച്ച് യോഗം ചേരേണ്ടതും അതിൻറ കാര്യനിർവ്വഹണം സംബന്ധിച്ച് .[2][ബൈലോകളിൽ] പറയുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(6) ജില്ലാ ബോർഡിന്, ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിനു ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കും വേണ്ടി ഏതൊരു ആളുമായും പങ്കു ചേരാവുന്നതും അപ്രകാരം പങ്കുചേർന്ന ആളിന് ആ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ജില്ലാ ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും ജില്ലാ ബോർഡിന്റെ അംഗമായി കരുതാൻ പാടില്ലാത്തതുമാണ്.

5. വ്യവസായ പ്രദേശ ബോർഡുകൾ.—(1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ [3][വ്യവസായ സ്ഥാപനങ്ങൾ [4][സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ആധുനികവൽക്കരിക്കുന്നതിനും]] വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനും വേണ്ടി വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന് വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡും ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും [1][ഏത് വ്യവസായ പ്രദേശത്തിനു വേണ്ടിയാണോ അത് രൂപീകരിക്കുന്നത് ആ വ്യവസായ പ്രദേശത്തിന്റെ] പേരിലുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

[2][(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി)വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ;

(ജെ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ജില്ലാ ഓഫീസർ;

(കെ) അഗ്നിശമന രക്ഷാസേവന വകുപ്പിലെ ഡിവിഷണൽ ഓഫീസർ;

---

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(പി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സെക്രട്ടറി;

(ക്യൂ) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

[1][(ആർ) സർക്കാർ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ.]]

[2][(4) ജില്ലാകളക്ടർ വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാനും, ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാര സ്ഥാനം കൺവീനർ ആയിരിക്കുന്നതും, സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.]

(5) വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും വ്യവസായ പ്രദേശ ബോർഡ് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച് [3][ബൈലോകളിൽ] പറയുന്ന പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(6) വ്യവസായ പ്രദേശ ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിന് ആവശ്യമെന്നു തോന്നുന്ന സഹായമോ ഉപദേശമോ ലഭ്യമാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കും വേണ്ടി ഏതൊരാളുമായും കൂട്ടുചേരാവുന്നതും അപ്രകാരം കൂട്ടുചേർന്ന ആളിന് ആ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ വ്യവസായ പ്രദേശ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, വ്യവസായ പ്രദേശ ബോർഡിന്റെ അംഗമായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

1. 2019-ലെ 23-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2019 ഡിസംബർ 7-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2019-ലെ 23-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2019 ഡിസംബർ 7-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

[1][എന്നാൽ, വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യപാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട സ്വകാര്യപാർക്കിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ഒരു പ്രത്യേക ക്ഷണിതാവ് ആയിരിക്കേണ്ടതാണ്.]

6. ലൈസൻസ് മുതലായവയിൽ നിന്നും ഒഴിവാക്കൽ.—തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവസായ പ്രദേശങ്ങളിൽ [2][സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയ എല്ലാ വ്യവസായ സ്ഥാപനങ്ങളെയും] മുനിസിപ്പാലിറ്റികൾ അഥവാ ഗ്രാമപഞ്ചായത്തുകൾ, നഗര ആസൂത്രണ വകുപ്പ് അഥവാ വികസന അതോറിറ്റികൾ എന്നിവയിൽ നിന്നും, [3][വ്യവസായസ്ഥാപനം] ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് [4][അതിന്റെ വിപുലീകരണത്തിനും, വൈവിദ്ധ്യവത്കരണത്തിനും ആധുനികവത്കരണത്തിനും, ഉൾപ്പെടെയുള്ള വ്യാപാര ലൈസൻസുകൾ നൽകുന്നതിനും] വേണ്ട പെർമിറ്റുകൾ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7. വ്യവസായ പ്രദേശ ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു വ്യവസായ പ്രദേശത്ത് [5][വ്യവസായസ്ഥാപനങ്ങൾ] [6][സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ] ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ [7][അല്ലെങ്കിൽ [8][അവയുടെ പുതുക്കൽ]] എന്നിവ ലഭിക്കുന്നതിനായി ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് എന്തെങ്കിലുമുണ്ടെങ്കിൽ അതുസഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) വ്യവസായ പ്രദേശ ബോർഡ്, ഇതിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചതിനുശേഷവും, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകവും,—

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
5. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
6. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
7. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
8. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(എ) [1][അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ, ലൈസൻസുകളുടെ പുതുക്കലോ യാതൊരു മാറ്റമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനോ] അഥവാ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ അഥവാ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നിരസിക്കുന്നതിനോ തീരുമാനമെടുക്കേണ്ടതാണ്.

(3) വ്യവസായ പ്രദേശ ബോർഡ് എടുക്കുന്ന തീരുമാനം, അതിന്റെ നിയുക്ത അധികാരസ്ഥൻ, അപേക്ഷകനെയും ബന്ധപ്പെട്ട അധികാരസ്ഥാനത്തെയും [2][അറിയിക്കേണ്ടതും ബോർഡിൽ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷകന് യാതൊരു അറിയിപ്പും ലഭിക്കാത്തപക്ഷം, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് ബോർഡ് അനുവാദം നൽകിയതായി കരുതപ്പെടേണ്ടതുമാണ്.]

8. <u>ജില്ലാ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [3][പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനം] [4][സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന] ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ [5][അല്ലെങ്കിൽ അവയുടെ പുതുക്കലോ] ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, ബന്ധപ്പെട്ട നിയമപ്രകാരം നല്കേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അപേക്ഷയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) ജില്ലാ ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ [6][മുപ്പത് ദിവസത്തിനകവും],

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ ലൈസൻസോ [7][അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകുന്നതിനോ] ; അല്ലെങ്കിൽ

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
5. 2024-ലെ 25-ാം ആക്റ്റ് പ്രകാരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
6. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
7. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അതിന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നല്കുന്നത് നിരസിക്കുന്നതിനോ;

തീരുമാനമെടുക്കേണ്ടതാണ്.

(3) ജില്ലാ ബോർഡ് എടുക്കുന്ന തീരുമാനം ജില്ലാ ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും രേഖാമൂലം [1][അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനം ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന് അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതത് സംഗതി പോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്തപക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവിന് ശേഷം അപേക്ഷിച്ചിട്ടുള്ള ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്].

[2][(4) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ, എന്തുതന്നെ അടങ്ങിയിരുന്നാലും, പതിനഞ്ചു കോടി രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ [3][സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ] വേണ്ടി ബന്ധപ്പെട്ട ജില്ലാ ബോർഡ് മുമ്പാകെ അപേക്ഷിച്ച ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നിരസിക്കപ്പെടുകയോ ഉപാധികളോടെ നൽകുകയോ ചെയ്താൽ സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരം നിരസിച്ചുകൊണ്ടോ ഉപാധികളോടെ ലൈസൻസ് നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ ജില്ലാ ബോർഡിൽ നിന്നും ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും, അപ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ, സംസ്ഥാന ബോർഡ്, ആയത് ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.]

9. <u>സംസ്ഥാന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [4][ആകെ നിക്ഷേപം പതിനഞ്ചുകോടി രൂപയിൽ കവിഞ്ഞ വ്യവസായ സ്ഥാപനങ്ങൾ] സംസ്ഥാനത്ത് [5][സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ ഉദ്ദേശിക്കുന്ന] ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരമുള്ള

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
5. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ [1][അതിന്റെ പുതുക്കലോ] ലഭിക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ബന്ധപ്പെട്ട നിയമപ്രകാരം നല്കേണ്ടതായ ഫീസ്സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) സംസ്ഥാന ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ [2][മുപ്പത് ദിവസത്തിനകവും],

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്നു തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ [3][അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ, ക്ലിയറൻസോ, പുതുക്കലോ നൽകുവാനോ] ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ, സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം അനുമതി നിരസിക്കുവാനോ ;

തീരുമാനമെടുക്കേണ്ടതാണ്.

(3) സംസ്ഥാന ബോർഡ് എടുക്കുന്ന തീരുമാനം സംസ്ഥാന ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും [4][അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾ ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന്, അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതതു സംഗതി പോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്തപക്ഷം, പ്രസ്തുത മുപ്പത് ദിവസകാലയളവിനുശേഷം അപേക്ഷിച്ചിട്ടുള്ള ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്.]

[5][(4) ഏതെങ്കിലും സംരംഭകൻ, സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനം സ്ഥാപിക്കുന്നതിലോ അല്ലെങ്കിൽ അപ്രകാരമുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിലോ, വൈവിദ്ധ്യവൽക്കരിക്കുന്നതിലോ, ആധുനികവത്കരിക്കുന്നതിലോ, നടപ്പിലാക്കുന്നതിലോ, പ്രവർത്തിപ്പിക്കുന്നതിലോ അഭിമുഖീകരിക്കുന്ന വിവിധ തർക്കങ്ങളും പ്രശ്നങ്ങളും ആയി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിന് ശിപാർശകൾ നൽകുന്നതിനും സംസ്ഥാനത്തെ നിക്ഷേപ അവസരങ്ങൾ

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
5. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

പ്രോത്സാഹിപ്പിക്കുന്നതിന്, മെച്ചപ്പെട്ട വ്യാവസായിക പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനും സംസ്ഥാന ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.]

[1][10. ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകലും അതിന്റെ പുതുക്കലും.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റിന്റെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ, ജില്ലാ ബോർഡുകളോ വ്യവസായ പ്രദേശ ബോർഡുകളോ ബന്ധപ്പെട്ട ബോർഡിൽ അപേക്ഷ ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കകം, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ അല്ലെങ്കിൽ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാതിരിക്കുകയോ പ്രസ്തുത അപേക്ഷ നിരസിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവ് അവസാനിച്ചതിനുശേഷം, അതതു സംഗതിപോലെ, ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകിയതായി കരുതപ്പെടേണ്ടതുമാണ്.]

[2][10 എ. സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡിന്റെയും വ്യവസായ പ്രദേശ ബോർഡിന്റെയും യോഗത്തിൽ ഹാജരാകുവാൻ വീഴ്ച വരുത്തുന്ന അംഗങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ശിപാർശ ചെയ്യുന്നതിന് സംസ്ഥാന ബോർഡിന്റെ ചെയർമാനുള്ള അധികാരം.—സംസ്ഥാന ബോർഡ് ചെയർമാന്, സ്വമേധയോ അല്ലെങ്കിൽ ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ റിപ്പോർട്ടിൻമേലോ, സംസ്ഥാന ബോർഡിലെയോ, ജില്ലാ ബോർഡിലെയോ, വ്യവസായ പ്രദേശ ബോർഡിലെയോ, ഏതെങ്കിലും അംഗം ന്യായമായ കാരണങ്ങൾ കൂടാതെ, ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് ബോധ്യപ്പെടുന്നപക്ഷം, അപ്രകാരമുള്ള അംഗത്തിനെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി അപ്രകാരമുള്ള അംഗത്തിന്റെ വകുപ്പ് മേധാവിയ്ക്ക് ശിപാർശ നൽകാവുന്നതാണ്.]

11. സംസ്ഥാന ബോർഡിന്റെ അപ്പലേറ്റ് അധികാരപരിധി.—(1) ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ, [3][അപ്രകാരമുള്ള ഉപാധികളോടെ നൽകപ്പെടുകയോ] ചെയ്യുകയാണെങ്കിൽ, സങ്കടമനുഭവിക്കുന്ന ആളിന് [4][അപ്രകാരം നിരസിച്ചുകൊണ്ടുള്ള ഉത്തരവോ അപ്രകാരം ഉപാധികളോടെ

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2019-ലെ 23-ാം ആക്റ്റ് പ്രകാരം ചേർത്തത് (2019 ഡിസംബർ 7-ാം തീയതി പ്രാബല്യത്തിൽ വന്നു.)
3. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
4. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

നൽകപ്പെട്ട ഉത്തരവോ] ജില്ലാ ബോർഡിൽ നിന്നോ വ്യവസായ പ്രദേശ ബോർഡിൽ നിന്നോ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന ബോർഡിന് ആവശ്യമെന്ന് അതു കരുതുന്നപക്ഷം, കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള വിശദാംശങ്ങൾ ഹാജരാക്കപ്പെട്ടശേഷവും സങ്കടമനുഭവിക്കുന്ന വ്യക്തിക്കും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും പറയാനുള്ളത് പറയാൻ ഒരവസരം നല്കിയതിനുശേഷവും, അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ [1][ഇരുപത് ദിവസത്തിനകം] തീർപ്പാക്കേണ്ടതുമാണ്. പ്രസ്തുത അപ്പീലിൻമേലുള്ള സംസ്ഥാന ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) സംസ്ഥാന ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അതു നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഈ വകുപ്പിൻകീഴിൽ അതിന്റെ അധികാരങ്ങളും ചുമതലകളും അങ്ങനെയുള്ള നിയന്ത്രണങ്ങളും വ്യവസ്ഥകളും എന്തെങ്കിലുമുണ്ടെങ്കിൽ അതിനു വിധേയമായി അതു രൂപീകരിക്കുന്ന ഏതെങ്കിലും ഉപസമിതിക്ക് ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(4) ഉപസമിതിയുടെ ഘടന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ അതിന്റെ ഉപസമിതിയോ ഈ വകുപ്പിൻ കീഴിൽ, എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ലൈസൻസോ, ക്ലിയറൻസോ സർട്ടിഫിക്കറ്റോ ബന്ധപ്പെട്ട നിയമത്തിൻകീഴിൽ നൽകപ്പെട്ടതായി കരുതപ്പെടുന്നതാണ്.

[2][11 എ. സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡുകളുടെയും വ്യവസായ പ്രദേശ ബോർഡുകളുടെയും അധിക അധികാരം.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഈ ആക്റ്റിന്റെ മറ്റു വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ, സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യവസായ പ്രദേശ ബോർഡിനോ, ചട്ടങ്ങൾക്ക് കീഴിൽ നിർണ്ണയിക്കപ്പെട്ട സംയുക്ത അപേക്ഷ, ബന്ധപ്പെട്ട വകുപ്പിന്റെ ശിപാർശയോടുകൂടി ലഭിക്കുന്നതിൻമേൽ, സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആയി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സംയുക്ത ലൈസൻസ്,

1. 2018-ലെ 14-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)
2. 2018-ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

അപേക്ഷകന് നൽകേണ്ടതും ബന്ധപ്പെട്ട ബോർഡ് നൽകിയിട്ടുള്ള അപ്രകാരമുള്ള സംയുക്ത ലൈസൻസ് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും ബാധകമായിരിക്കുന്നതും, നൽകിയ തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് അതിന് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, വാടകയ്ക്കോ പാട്ടത്തിനോ നൽകിയിട്ടുള്ള കെട്ടിടത്തിൽ ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നപക്ഷം, സംയുക്ത ലൈസൻസിന്റെ പ്രാബല്യം, പാട്ടത്തിന്റെയോ വാടകയുടെയോ കാലാവധിയോ, അഞ്ചു വർഷമോ, ഏതാണോ ആദ്യം, അവസാനിക്കുന്നത് അതോടെ അവസാനിക്കുന്നതും അപ്രകാരമുള്ള അധികാരികൾ അതതു ബോർഡിന്റെ അനുമതിയില്ലാതെ അപ്രകാരമുള്ള ലൈസൻസുകൾ റദ്ദാക്കാൻ പാടില്ലാത്തതുമാകുന്നു.

(2) ബന്ധപ്പെട്ട അധികാരികൾക്ക്, ഒരു പ്രാവശ്യം ഒരു വർഷത്തിൽ അധികരിക്കാത്ത വിധം ആനുകാലികമായി വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതും, ഏതെങ്കിലും ലംഘനം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ പെടുകയാണെങ്കിലോ സംയുക്ത ലൈസൻസ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിലെ വിവരങ്ങൾ തെറ്റാണെന്ന് കാണുകയാണെങ്കിലോ, ബന്ധപ്പെട്ട അധികാരികൾക്ക്, സംയുക്ത ലൈസൻസ്, അപ്രകാരമുള്ള ലൈസൻസിൽ ചുമത്തപ്പെട്ട ഏതെങ്കിലും ഉപാധികൾ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാലോ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിനോ, റദ്ദാക്കുന്നതിന് ബോർഡിനോട് ശിപാർശ ചെയ്യാവുന്നതും, അങ്ങനെയുള്ള ശിപാർശ ലഭിച്ചാൽ, ബന്ധപ്പെട്ട ബോർഡ്, സംയുക്ത ലൈസൻസ് റദ്ദാക്കേണ്ടതും അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന്, കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം അത് നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചശേഷവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ നൽകുന്ന എല്ലാ സംയുക്ത ലൈസൻസുകളും നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ഒരു അപേക്ഷ സമർപ്പിക്കുന്നതിൻമേൽ, അപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ ഏഴു ദിവസത്തിനകം ഒരു പ്രാവശ്യം അഞ്ചു വർഷക്കാലയളവിലേക്ക് പുതുക്കി നൽകേണ്ടതാണ്.]

**12.** സർക്കാരിന്റെ അപ്പലേറ്റ് അധികാരപരിധി.—അതതുസംഗതി പോലെ, ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ തീരുമാനത്തിൻമേൽ **11**-ാം

വകുപ്പിൻകീഴിലുള്ള അപ്പീലിൽ എടുത്ത തീരുമാനങ്ങളുടെ സംഗതികളിലൊഴികെ, സംസ്ഥാന ബോർഡിന്റെ തീരുമാനത്തിൻമേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന ബോർഡിന്റെ അപ്രകാരമുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം സർക്കാരിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**13.** ലൈസൻസുകൾ റദ്ദാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം.—(1) സംസ്ഥാന ബോർഡിന്, സ്വമേധയാ ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടികളെ സംബന്ധിച്ച രേഖകൾ ഏതു സമയത്തും പരിശോധിക്കാവുന്നതും, ഈ ആക്റ്റിൻകീഴിലുള്ള ക്ലിയറൻസോ സർട്ടിഫിക്കറ്റോ ലൈസൻസോ പ്രധാന വസ്തുതകൾ തെറ്റായ രീതിയിൽ ധരിപ്പിച്ചുകൊണ്ടാണ് സമ്പാദിച്ചിട്ടുള്ളതെന്ന് സംസ്ഥാന ബോർഡിന് ബോദ്ധ്യം വന്നാൽ, അതിന്, ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് അവർ നൽകിയ ലൈസൻസോ, സർട്ടിഫിക്കറ്റോ ക്ലിയറൻസോ റദ്ദാക്കാൻ ഉത്തരവ് മുഖേന നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരുത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ബോർഡ് പാസ്സാക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻ കീഴിൽ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നല്കപ്പെട്ടിട്ടുള്ള ആളോ അധികാരസ്ഥാനമോ, അതിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലോ അഥവാ ഏതെങ്കിലും സംഗതിയിൽ ഉചിതമെന്നു കണ്ടു സംസ്ഥാന ബോർഡ് നീട്ടിക്കൊടുത്ത സമയത്തിനുള്ളിലോ ഏതു [1][വ്യവസായസ്ഥാപനത്തെ] സംബന്ധിച്ചാണോ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നല്കിയിട്ടുള്ളത്, അത് സ്ഥാപിക്കുന്നതിലോ അഥവാ സ്ഥാപിക്കുന്നതിനായി ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിനോ പരാജയപ്പെട്ടതായി ഇതിലേക്കുള്ള ഒരു റഫറൻസ് മുഖാന്തിരമോ മറ്റു വിധത്തിലോ സംസ്ഥാന ബോർഡിന് ബോദ്ധ്യം വന്നാൽ, അതിന്, നൽകിക്കഴിഞ്ഞ ലൈസൻസോ ക്ലിയറൻസോ സർട്ടിഫിക്കറ്റോ റദ്ദാക്കുവാൻ ബന്ധപ്പെട്ട അധികാരിയോട് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അവ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു നടപടിക്രമത്തിന് ബാധകമാകുന്നതുപോലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിനും ബാധകമാകുന്നതാണ്.

---

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

[2][അദ്ധ്യായം II എ

## ജില്ലാ പരാതിപരിഹാര കമ്മിറ്റിയും സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയും

13 എ. ജില്ലാ പരാതിപരിഹാര കമ്മിറ്റി.—(1) സർക്കാരിന്, മൂലധന നിക്ഷേപം പത്ത് കോടി രൂപ വരെയുള്ള വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ വേണ്ടി വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള ആവശ്യമായ ക്ലീയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ, ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരാൾക്ക്, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും, അപ്രകാരമുള്ള ആളുകളുടെ പരാതി ഫലപ്രദമായ രീതിയിൽ പരിഹരിക്കുന്നതിനും, മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, സേവനം നൽകുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായി ജില്ലാതലത്തിൽ ഒരു ജില്ലാ പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ പരാതിപരിഹാര കമ്മിറ്റിയിലും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ;

(ബി) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം;

(സി) റീജിയണൽ ഡയറക്ടർ, നഗരകാര്യം;

(ഡി) ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്;

(ഇ) ജില്ലാ ലേബർ ഓഫീസർ;

(എഫ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(ജി) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്;

---

2. 2022-ലെ 19-ാം ആക്റ്റ് പ്രകാരം ചേർത്തത് (2021 സെപ്തംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(എച്ച്) ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ചെയർപേഴ്സണും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ കൺവീനറും ആയിരിക്കുന്നതാണ്.

(4) ജില്ലാ പരാതിപരിഹാര കമ്മിറ്റി എല്ലാ മാസവും, കുറഞ്ഞത് ഒരു പ്രാവശ്യം, ചെയർപേഴ്സൺ തീരുമാനിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതാണ്. ഓരോ മാസത്തെയും ആദ്യയോഗം ആ മാസത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെയായിരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം കമ്മിറ്റിയുടെ ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല.

13 <u>ബി. ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ടോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്തതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഫാറത്തിലും, അപ്രകാരം കാലതാമസം വരുത്തുകയോ വീഴ്ചവരുത്തുകയോ ചെയ്ത സേവനത്തിന്റെ സ്വഭാവം വ്യക്തമാക്കിക്കൊണ്ട്, പ്രസ്തുത സമയപരിധി അവസാനിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് ഒരു അപേക്ഷ, ഓൺലൈൻ ആയോ മറ്റ് വിധത്തിലോ, സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് പ്രസ്തുത കമ്മിറ്റിയുടെ കൺവീനർക്ക് ബോദ്ധ്യമാകുന്നപക്ഷം, മുപ്പതു ദിവസക്കാലാവധി കഴിഞ്ഞതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ, കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ, ലഭിച്ച അപേക്ഷകളുടെ രജിസ്റ്റർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ, അപേക്ഷ ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം കൺവീനർ, നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും റിപ്പോർട്ട്

ആവശ്യപ്പെടേണ്ടതും, ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ ഏഴ് ദിവസങ്ങൾക്കകം അപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകേണ്ടതും അപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചതിനും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനും ശേഷം പ്രസ്തുത കമ്മിറ്റി നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തുകൊണ്ട് അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപേക്ഷ തീർപ്പാക്കേണ്ടതും എഴുതി രേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം, അതിന്മേലുള്ള തീരുമാനം ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനെയും അപേക്ഷകനെയും അറിയിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള സമയത്തിനകം തീർപ്പാക്കാത്ത അപേക്ഷകൾ, ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ചെയർപേഴ്സൺ പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന പരാതിപരിഹാരകമ്മിറ്റിക്ക് അയക്കേണ്ടതും, ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷകളുടെ സംഗതിയിൽ, ജില്ലാ പരാതിപരിഹാരകമ്മിറ്റി തീർപ്പാക്കാത്ത അപേക്ഷകൾ ഓൺലൈനായി സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും അപ്രകാരമുള്ള അപേക്ഷകൾ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയിൽ സമർപ്പിച്ച അപ്പീലുകളായി കരുതപ്പെടുന്നതും അപ്പീൽ തീർപ്പാക്കുന്നതിന് 13 ഇ വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

13 സി. സംസ്ഥാന പരാതിപരിഹാര കമ്മിറ്റി.—(1) സർക്കാരിന്, പത്ത് കോടി രൂപയിലധികം മൂലധനനിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോവേണ്ടി വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏതൊൾക്കും ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനം നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും, അപ്രകാരമുള്ള ആളുകളുടെ പരാതി ഫലപ്രദമായി പരിഹരിക്കുന്നതിനും, മതിയായതും ന്യായമായതുമായ കാരണം കൂടാതെ അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനം നൽകുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു

നിയുക്ത ഉദ്യോഗസ്ഥനെതിരെ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി, സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(2) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായവാണിജ്യ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(സി) നിയമസെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഓദ്യോഗികസ്ഥാനം വഹിച്ചിരുന്നതും, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചതുമായ ഒരാൾ;

(ഇ) ലാന്റ് റവന്യൂ കമ്മീഷണർ;

(എഫ്) ലേബർ കമ്മീഷണർ;

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ;

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ;

(ഐ) ഫാക്ടറികളും ബോയിലറുകളും വകുപ്പ് ഡയറക്ടർ;

(ജെ) വ്യവസായവാണിജ്യ ഡയറക്ടർ;

(കെ) ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

(3) (2)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ ഓദ്യോഗിക കാലാവധി മൂന്ന് വർഷമോ അല്ലെങ്കിൽ പ്രസ്തുത സ്ഥാനത്തേക്ക് മറ്റൊരാളെ സർക്കാർ അംഗമായി നിയമിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ആയിരിക്കുന്നതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന അംഗത്തിന്റെ

സേവനവും വേതനവും സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ ഉത്തരവ് മൂലം നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ ചെയർപേഴ്സണെയും കൺവീനറെയും കമ്മിറ്റിയുടെ അംഗങ്ങളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്നതാണ്. സംസ്ഥാന പരാതി പരിഹാരകമ്മിറ്റി, ചെയർപേഴ്സൺ തീരുമാനിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും, ഓരോ മാസവും കുറഞ്ഞത് ഒരു പ്രാവശ്യം, യോഗം ചേരേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമങ്ങൾ കമ്മിറ്റിയുടെ ചെയർപേഴ്സൺ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്. കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല.

13 <u>ഡി</u>. <u>സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഫാറത്തിലും, അപ്രകാരം കാലതാമസം വരുത്തുകയോ വീഴ്ചവരുത്തുകയോ ചെയ്ത സേവനത്തിന്റെ സ്വഭാവം വ്യക്തമാക്കിക്കൊണ്ട്, പ്രസ്തുത സമയപരിധി അവസാനിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് ഒരു അപേക്ഷ ഓൺലൈൻ ആയോ മറ്റ് വിധത്തിലോ, സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്ന തിന് അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് സംസ്ഥാന പരാതിപരിഹാരകമ്മിറ്റിയുടെ കൺവീനർക്ക് ബോദ്ധ്യമാകുന്നപക്ഷം, മുപ്പതു ദിവസക്കാലാവധി കഴിഞ്ഞതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകൻ യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ ലഭിച്ച അപേക്ഷകളുടെ രജിസ്റ്റർ നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ, അപേക്ഷ ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം കൺവീനർ നിയുക്ത ഉദ്യോഗസ്ഥനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ ഏഴ് ദിവസങ്ങൾക്കകം

അപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകേണ്ടതും അപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചതിനും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനും ശേഷം നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തുകൊണ്ട്, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ എഴുതിരേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം അപേക്ഷ തീർപ്പാക്കേണ്ടതും ആയത് ഉടൻ തന്നെ ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനെയും അപേക്ഷകനെയും അറിയിക്കേണ്ടതുമാണ്.

13 ഇ. <u>സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ അപ്പീൽ അധികാരിത</u>.—(1) ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ഏതെങ്കിലും തീരുമാനപ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള തീരുമാനം ജില്ലാ പരാതിപരിഹാര കമ്മിറ്റിയിൽ നിന്നും ലഭിച്ച ദിവസം മുതൽ മുപ്പത് ദിവസങ്ങൾക്കകം അപ്രകാരമുള്ള തീരുമാനത്തിന് എതിരായി, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫാറത്തിലും, സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയത്തിന് മുമ്പ് അപ്പിൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നു എന്ന് സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് ബോദ്ധ്യമാകുന്ന പക്ഷം മുപ്പത് ദിവസക്കാലയളവിന് ശേഷം സമർപ്പിക്കുന്ന അപ്പീലും സ്വീകരിക്കാവുന്നതാണ്.

(2) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് ജില്ലാ പരാതിപരിഹാര കമ്മിറ്റിയിൽ നിന്നും നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ടുകൾ, പരിശോധിച്ചതിനു ശേഷവും നിയുക്ത ഉദ്യോഗസ്ഥനും, സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷവും അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. പ്രസ്തുത അപ്പീലിന്മേലുള്ള സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള സേവനം എന്നതിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് സ്വമേധയാ പരിശോധിക്കാവുന്നതും അത് സംബന്ധിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്.

**(4)** തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റി ഈ വകുപ്പിൻ കീഴിൽ എടുത്ത തീരുമാനം അന്തിമമായിരിക്കുന്നതും, അത് നിയുക്ത ഉദ്യോഗസ്ഥന് ബാധകമായിരിക്കുന്നതുമാണ്.

**(5)** സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ തീരുമാനം, പ്രസ്തുത തീരുമാനം ലഭിച്ച് പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ നടപ്പിലാക്കേണ്ടതും, പ്രസ്തുത ഉദ്യോഗസ്ഥൻ അപ്രകാരം നടപ്പിലാക്കാൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന പക്ഷം, **13** എഫ് വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ശിക്ഷയ്ക്ക് അയാൾ വിധേയനാകുന്നതുമാണ്.

**(6)** അതതുസംഗതിപോലെ, ജില്ലാ പരാതിപരിഹാര കമ്മിറ്റിയ്ക്കും അല്ലെങ്കിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് **1908**-ലെ സിവിൽ നടപടി നിയമസംഹിത (**1908**-ലെ **5**-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

**13** എഫ്. ശിക്ഷ.—സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ മതിയായതും ന്യായമായതുമായ കാരണം കൂടാതെ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്തുവെന്ന്, അതതുസംഗതിപോലെ, ജില്ലാ പരാതിപരിഹാര കമ്മിറ്റിയോ അല്ലെങ്കിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയോ കാണുന്നപക്ഷം, ബന്ധപ്പെട്ട കമ്മിറ്റിയുടെ ചെയർപേഴ്സൺ രേഖാമൂലമുള്ള ഉത്തരവ് വഴി, നിയുക്ത ഉദ്യോഗസ്ഥന്റെമേൽ, ഓരോ ദിവസത്തേയും കാലതാമസത്തിന് ഇരുന്നൂറ്റി അമ്പത് രൂപ നിരക്കിൽ പതിനായിരം രൂപയിൽ അധികരിക്കാത്ത പിഴ ചുമത്താവുന്നതും നിയുക്ത ഉദ്യോഗസ്ഥന് ബാധകമായ സർവ്വീസ് ചട്ടങ്ങൾക്ക് കീഴിൽ അയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യാവുന്നതുമാണ്:

എന്നാൽ, അപ്രകാരം ശിക്ഷ ചുമത്തുന്നതിന് മുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.]

## അദ്ധ്യായം III

## വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം

**14.** വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം.—**(1)** ഗവർണ്ണർക്ക് ഒരു വ്യവസായ പ്രദേശത്തിന്റെ വലിപ്പവും ആ പ്രദേശത്ത് നല്കി വരുന്നതോ ഒരു ഏജൻസി മുഖന നല്കാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സർവ്വീസുകൾ കണക്കിലെടുത്തുകൊണ്ട്, ഇൻഡ്യൻ ഭരണഘടനയുടെ **243** ക്യൂ അനുച്ഛേദം **(1)**-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ഒരു പൊതുവിജ്ഞാപനം മുഖേന, ആ പ്രദേശത്തെ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ ഒരു വ്യവസായ പ്രദേശം എന്ന പദപ്രയോഗത്തിന് ഒരു വ്യവസായ പ്രദേശത്തിന്റെ പ്രയോജനം ലഭിക്കുന്ന ഒരു പ്രദേശം എന്നർത്ഥമാകുന്നു.

**(2)** ഏതെങ്കിലും പ്രദേശം **(1)**-ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള രീതിയിൽ ഒരു വ്യവസായ നഗരപ്രദേശമായി വിനിർദ്ദേശിക്കപ്പെട്ടാൽ പ്രസ്തുത പ്രദേശം, അതതു സംഗതിപോലെ, **1994**-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് **(1994**-ലെ **13)** പ്രകാരം രൂപീകരിക്കപ്പെട്ട ഒരു പഞ്ചായത്തിലോ **1994**-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് **(1994**-ലെ **20)** പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു മുനിസിപ്പാലിറ്റിയിലോ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ അപ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള പഞ്ചായത്തിൽ നിന്നോ, മുനിസിപ്പാലിറ്റിയിൽ നിന്നോ ഒഴിവാക്കിയതായി കരുതപ്പെടേണ്ടതാണ്.

**(3)** അധികാരസ്ഥാനത്തിന് ഒരു വ്യവസായ നഗരപ്രദേശത്ത് ഒരു മുനിസിപ്പാലിറ്റിക്കുണ്ടായിരിക്കുന്ന എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**(4)** വ്യവസായ ഭരണ പ്രദേശത്തിന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലത്തുനിന്നും **1994**-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് **(1994**-ലെ **20)** അനുസരിച്ച് പിരിക്കാവുന്ന നികുതികളും ഫീസുകളും പിരിക്കുവാനോ ഫൈൻ ഈടാക്കുവാനോ ഉള്ള അധികാരം വ്യവസായ നഗര പ്രദേശത്തിന്റെ അധികാരസ്ഥാനത്തിനുണ്ടായിരിക്കുന്നതാണ്.

**15.** വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ രൂപീകരണം.—**(1)** സർക്കാരിന്, വ്യവസായ നഗരപ്രദേശത്തിന്റെ ഭരണനിർവ്വഹണത്തിനും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുമായി, വിജ്ഞാപനംമൂലം, ഓരോ വ്യവസായ

നഗരപ്രദേശത്തിനും ഒരു വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം രൂപീകരിക്കാവുന്നതാണ്.

(2) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിൽ സർക്കാർ നിയമിക്കുന്ന അത്രയും ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(3) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ചുമതലകൾ, വ്യവസായ നഗര പ്രദേശത്തെ ഭരണനിർവ്വഹണവും ആസൂത്രിത വികസനം കൈവരിക്കലും പ്രസ്തുത പ്രദേശത്തിന്റെ സംരക്ഷണവും ആയിരിക്കുന്നതാണ്.

(4) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനം, ഈ ആക്റ്റിലും പദ്ധതിയിലും വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം, വ്യവസായ നഗര പ്രദേശത്തെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പദ്ധതിയിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ഡയറക്ടർമാരെ തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നവിധം;

(ബി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ യോഗങ്ങൾ നടത്തേണ്ടവിധം ;

(സി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തെ സഹായിക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ;

(ഡി) വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ സൂക്ഷിക്കലും, കണക്കുകളുടെ ആഡിറ്റ് നടത്തേണ്ട വിധവും;

(ഇ) വ്യവസായ നഗരപ്രദേശ അധികാര സ്ഥാനം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും ;

(എഫ്) പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ, അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതും അനുയോജ്യമായതുമായ മറ്റേതെങ്കിലും സംഗതി.

(6) ഈ വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ഓരോ പദ്ധതിയും അതു പുറപ്പെടുവിച്ചശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ,

അതിന്റെ മുൻപാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വെയ്ക്കേണ്ടതും, അപ്രകാരം അതു വെയ്ക്കുന്ന സമ്മേളനമോ, അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ പദ്ധതി രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ പദ്ധതിക്ക് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ പദ്ധതി പ്രകാരം മുൻപ് ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**16.** <u>മുനിസിപ്പൽ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ബാധകമാക്കൽ.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മൂലം, തത്സമയം പ്രാബല്യത്തിലുള്ള മുൻസിപ്പാലിറ്റികളെ സംബന്ധിച്ച് നിയമത്തിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ഒരു വ്യവസായ നഗര പ്രദേശത്തിന് ബാധകമാണെന്നും പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും പ്രഖ്യാപിക്കാവുന്നതാണ്.

(2) അപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഒരു വ്യവസായ നഗര പ്രദേശത്തിന് ബാധകമാക്കുന്നതിനായി, അതിന്റെ സത്തയെ ബാധിക്കാത്തതും ആവശ്യവും അനുയോജ്യവുമായ ഭേദഗതികളോടു കൂടിയും വ്യാഖ്യാനിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ ഒരു മുൻസിപ്പൽ കൗൺസിലിനേയോ അതിന്റെ ചെയർമാനേയോ സെക്രട്ടറിയേയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും വ്യവസായ നഗര പ്രദേശ അധികാര സ്ഥാനത്തിനേയോ അതിന്റെ ചെയർമാനേയോ അല്ലെങ്കിൽ ചീഫ് ഓഫീസറെയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുൻസിപ്പൽ കൗൺസിലിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ സംബന്ധിച്ച് നടത്തുന്ന എല്ലാ റഫറൻസുകളും ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ സംബന്ധിച്ച് നടത്തുന്ന റഫറൻസുകളായും മുനിസിപ്പാലിററിയുടെ പ്രാദേശിക അതിരുകളെ സംബന്ധിച്ചുള്ള എല്ലാ റഫറൻസുകളും, അതത് സംഗതിപോലെ, വ്യവസായ നഗര പ്രദേശത്തെ അതിരുകളെ സംബന്ധിച്ചുള്ള റഫറൻസായും വ്യാഖ്യാനിക്കേണ്ടതാണ്.

## <u>അദ്ധ്യായം IV</u>

## അനുബന്ധവും പലവകയുമായ വ്യവസ്ഥകൾ

**17.** 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) (1965-ലെ 2) ആക്ട് ബാധകമാക്കൽ.—1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ആക്റ്റ് (1965-ലെ 2) 15-ാം വകുപ്പിൻകീഴിലുള്ള വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന്റെ വകയായുള്ള ഏതെങ്കിലും പരിസരങ്ങൾക്ക് ബാധകമാകുന്നതല്ല.

**18.** ആക്റ്റിന്റെ അധിപ്രഭാവ പ്രാബല്യം.—ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും പ്രദേശത്തെ, വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെടുമ്പോൾ, അപ്രകാരമുള്ള പ്രദേശം ടൗൺ പ്ലാനിംഗ് ആക്റ്റി (1108-ലെ 4) ൻ കീഴിലോ 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റിൻകീഴിലോ (1920-ലെ 7-ാം മദ്രാസ് ആക്റ്റ്) കേരള നിയമസഭ നിയമ നിർമ്മാണം നടത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ആക്റ്റിൻകീഴിലോ ഉള്ള മാസ്റ്റർ പ്ലാനിലോ മേഖലാ വികസന പദ്ധതിയിലോ ഉൾപ്പെടുത്തിയിട്ടുള്ള അത്രയും പ്രദേശം അപ്രകാരമുള്ള പ്രഖ്യാപനത്തിന്റെ തീയതി മുതൽ അപ്രകാരമുള്ള ഏതെങ്കിലും പദ്ധതിയിൽ നിന്നും നീക്കം ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

**19.** സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—സർക്കാരിന്, അതതു സമയം ഈ ആക്റ്റിലെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്തവുമെന്ന് അത് കരുതുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നയപരമായ നിർദ്ദേശങ്ങൾ സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യവസായ പ്രദേശ ബോർഡിനോ വ്യവസായ നഗര പ്രദേശ അധികാരസ്ഥാനത്തിനോ നല്കാവുന്നതും, അതതു സംഗതിപോലെ, സംസ്ഥാന ബോർഡോ, ജില്ലാ ബോർഡോ, വ്യവസായ പ്രദേശ ബോർഡോ, വ്യവസായ നഗരപ്രദേശ അധികാരസ്ഥാനമോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാനും നടപടികൾ കൈക്കൊള്ളാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

**20.** റിട്ടേണുകളും, പരിശോധനകളും.—(1) സർക്കാർ കാലാകാലങ്ങളഇൽ ആവശ്യപ്പെടുന്ന റിപ്പോർട്ടുകളും റിട്ടേണുകളും മറ്റു വിവരങ്ങളും വ്യവസായ നഗര പ്രദേശ അധികാരസ്ഥാനം സർക്കാരിന് നല്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ സർക്കാരോ, സർക്കാർ അതിലേക്കായി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച റിപ്പോർട്ടുകളോ റിട്ടേണുകളോ മറ്റു വിവരങ്ങളോ വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്.

(3) സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾക്കോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥനോ പദ്ധതിയിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടോയെന്നോ അല്ലെങ്കിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നോ അല്ലെങ്കിൽ അപ്രകാരമുള്ള പദ്ധതിക്കനുസൃതമായിട്ടാണോ വികസനപ്രവർത്തനങ്ങൾ

നടപ്പിലാക്കിക്കൊണ്ടിരിക്കുകയോ അഥവാ നടപ്പിലാക്കുകയോ ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിനായി ഏതൊരു സ്ഥലത്തും ജോലിക്കാരുടെ സഹായത്തോടെയോ അല്ലാതെയോ പ്രവേശിക്കാവുന്നതാണ്.

(4) സൂര്യോദയത്തിനും സൂര്യാസ്തമനത്തിനും ഇടയ്ക്കുള്ള സമയത്തല്ലാതെയോ സ്ഥലത്തിന്റെയോ കെട്ടിടത്തിന്റെയോ കൈവശക്കാരനോ അയാളുടെ അഭാവത്തിൽ ഉടമസ്ഥനോ മതിയായ നോട്ടീസ് നൽകാതെയോ അപ്രകാരം പ്രവേശിക്കുവാൻ പാടുള്ളതല്ല.

**21.** <u>അംഗങ്ങളും ഉദ്യോഗസ്ഥരും സർക്കാർ ഉദ്യോഗസ്ഥനായിരിക്കുമെന്ന്</u>.—വ്യവസായനഗരപ്രദേശ അധികാരസ്ഥാനത്തിന്റെയോ സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡിലെയോ ഓരോ അംഗവും ഉദ്യോഗസ്ഥനും മറ്റ് ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥനായി കരുതപ്പെടേണ്ടതാണ്.

**22.** <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം</u>.—ഈ ആക്റ്റിൻകീഴിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ, റെഗുലേഷനോ, [1][ബൈലോ]യ്ക്കോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ ഏതെങ്കിലും പ്രവർത്തി സംബന്ധിച്ച് ഏതെങ്കിലും ആളിനെതിരായി യാതൊരു വ്യവഹാരമോ കുറ്റവിചാരണയോ മറ്റു നിയമ നടപടിയോ കൈക്കൊള്ളാൻ പാടില്ലാത്തതാണ്.

**23.** <u>ക്രമക്കേടുകൾ ഒഴിവുകൾ എന്നിവ മൂലം ആക്റ്റിന് നിയമസാധുത ഇല്ലാതെ ആകുന്നില്ലായെന്ന്</u>.—ഈ ആക്റ്റ് പ്രകാരം സംസ്ഥാന ബോർഡോ ജില്ലാ ബോർഡോ വ്യവസായ പ്രദേശ ബോർഡോ സംസ്ഥാന ബോർഡ് നിയമിച്ച ഏതെങ്കിലും സബ് കമ്മിറ്റിയോ ചെയ്ത യാതൊരു പ്രവർത്തിയും എടുത്ത യാതൊരു നടപടിയും—

(എ) സംസ്ഥാന ബോർഡിലെയോ ജില്ലാ ബോർഡിലെയോ വ്യവസായ പ്രദേശ ബോർഡിലെയോ സംസ്ഥാന ബോർഡിന്റെ ഏതെങ്കിലും സബ്കമ്മിറ്റിയിലെയോ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലുണ്ടായ ഏതെങ്കിലും അപാകതയോ; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും ബോർഡിലേയോ സബ് കമ്മിറ്റിയിലെയോ ഏതെങ്കിലും അംഗത്തിന്റെ നിയമനത്തിലുള്ള ഏതെങ്കിലും അപാകതയോ ക്രമക്കേടോ; അല്ലെങ്കിൽ

---

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

(സി) ആ പ്രവർത്തിയിലോ നടപടിക്രമത്തിലോ സംഗതിയുടെ ഗുണമേന്മയെ ബാധിക്കാത്ത ഏതെങ്കിലും അപാകതയോ ക്രമക്കേടോ; ഉണ്ടെന്ന കാരണത്താൽമാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

**24.** [1][ബൈലോ]കൾ ഉണ്ടാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം.—**(1)** സംസ്ഥാന ബോർഡിന് പൊതുവായി ഈ ആക്റ്റിലെ ലക്ഷ്യങ്ങൾ നേടുന്നതിനായി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടും കൂടി, ഗസറ്റ് വിജ്ഞാപനം വഴി, ബൈലോകൾ ഉണ്ടാക്കാവുന്നതാണ്.

**(2)** അപ്രകാരമുള്ള ബൈലോകളിൽ,—

(എ) സംസ്ഥാന ബോർഡും, ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും അവയുടെ കാര്യങ്ങളുടെ നടത്തിപ്പിനായി അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ;

(ബി) സംസ്ഥാന ബോർഡോ, ജില്ലാ ബോർഡുകളോ, വ്യവസായ പ്രദേശ ബോർഡുകളോ ലൈസൻസുകളോ ക്ലിയറൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകുന്നതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ;

ഇവയ്ക്കുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടതാണ്.

**25.** സംസ്ഥാന ബോർഡിനും, ജില്ലാ ബോർഡുകൾക്കും വ്യവസായ പ്രദേശ ബോർഡുകൾക്കും ഫീസുകൾ പിരിക്കാനുള്ള അധികാരം.—സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും വ്യവസായ പ്രദേശ ബോർഡിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഫീസ് നിശ്ചയിച്ച് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാവുന്നതാണ്.

**26.** ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—**(1)** സർക്കാരിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനം മൂലം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**(2)** ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ച യായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ,

---

1. 2024-ലെ 25-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് (2024 നവംബർ 2-ാം തീയതി പ്രാബല്യത്തിൽ വന്നു.)

ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**27.** <u>വ്യവസായ നഗരപ്രദേശ അധികാരസ്ഥാനത്തിന് റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) ഒരു വ്യവസായ നഗര പ്രദേശാധികാരസ്ഥാനത്തിന്, അത് രൂപീകരിക്കപ്പെട്ട ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) സർക്കാരിന്, റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമവും അതിന്റെ പ്രസിദ്ധീകരണവും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**28.** <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതും ആവശ്യമെന്ന് അതിന് തോന്നുന്നതുമായ ഏത് നടപടിയും സന്ദർഭാനുസരണം ഉത്തരവുമൂലം, എടുക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും ഉത്തരവ് പുറപ്പെടുവിച്ചശേഷം ആദ്യം ചേരുന്ന നിയമസഭാ സമ്മേളനം മുമ്പാകെ വയ്ക്കേണ്ടതാണ്.